**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1094** **30-06-2022 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണയുടെ വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മണ്ണെണ്ണയുടെ വിലവർദ്ധന കാരണം മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മണ്ണെണ്ണയുടെ വിലവർദ്ധനവ് സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മണ്ണെണ്ണ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന ഒരു യാനം ഒരു ദിവസം കുറഞ്ഞത് 35 ലിറ്റർ  മുതൽ 65 ലിറ്റർ മണ്ണെണ്ണ വരെ ഉപയോഗിക്കാറുണ്ട്. അതനുസരിച്ച്  കുറഞ്ഞത് 500 ലിറ്റർ മണ്ണെണ്ണയെങ്കിലും പ്രതിമാസം ആവശ്യമാണ്. നിലവിൽ മത്സ്യഫെഡ് വഴി പ്രതിമാസം പരമാവധി ഒരു പെർമിറ്റിന് നൽകുന്ന മണ്ണെണ്ണ 190 ലിറ്ററും, സിവിൽ സപ്ലൈസ് വകുപ്പ് വഴി നൽകുന്ന പരമാവധി മണ്ണെണ്ണ  180 ലിറ്ററുമടക്കം മത്സ്യത്തൊഴിലളികൾക്ക് ആകെ ലഭിക്കുന്ന മണ്ണെണ്ണ 370 ലിറ്ററാണ്. കേന്ദ്ര സർക്കാരിൽ നിന്ന് സബ്സിഡി മണ്ണെണ്ണ ഇപ്പോൾ ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്കുള്ള സബ്സിഡി രഹിത മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. |
| (ബി) | മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാൻ മത്സ്യഫെഡ് മുഖേന വിലക്കുറവിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (ബി) | അർഹരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയോടെ നൽകി വരുന്നുണ്ട്.<br><br>10 HP വരെ 140 ലിറ്ററും 10 HP മുതൽ 15 HP വരെ 150 ലിറ്ററും 15 HP ക്ക് മുകളിൽ 190 ലിറ്ററും മണ്ണെണ്ണയ്ക്കാണ് സബ്സിഡി അനുവദിക്കുക. 2023 ഏപ്രിൽ വരെയുള്ള സബ്സിഡി തുക ഗുണഭോക്താക്കൾക്ക് DBT മുഖാന്തിരം ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ